**ഫയൽ നം : G2/42/2024-TC** **തീയതി : 23-10-2024**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം :18/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്ന ഉദ്യോഗസ്ഥരുടെ പെരുമാറ്റം -സംബന്ധിച്ച്

സൂചന :- തൃശ്ശൂർ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് -ൻ്റെ 15.05.2024 തീയതിയിലെ B1-68/2024/TSR നമ്പർ കത്ത്

ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൻ്റെ നടത്തിപ്പുമായി ബന്ധപ്പെട്ടും ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിനു ഹാജരാകുന്നവരോടുള്ള ഉദ്യോഗസ്ഥരുടെ പെരുമാറ്റം സംബന്ധിച്ചും ധാരാളം പരാതികൾ വകുപ്പിൻ്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എല്ലാ സർക്കാർ ജീവനക്കാരും 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കേ ഇത്തരം പരാതികൾ ഉദ്യോഗസ്ഥർക്കെതിരെ ഉയരുന്നത് നല്ല പ്രവണത അല്ല. ഇത് വകുപ്പിൻ്റെ സൽപ്പേരിനെ സാരമായി ബാധിക്കുന്നതാണെന്ന് വിലയിരുത്തുന്നു. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഓരോ സർക്കാർ ജീവനക്കാരനും എല്ലായിപ്പോഴും പൂർണ്ണ സത്യസന്ധനും സേവനനിരതനും ആയിരിക്കേണ്ടതാണ് എന്നും , ചട്ടം 93(G ) പ്രകാരം ഓരോ സർക്കാർ ഉദ്യോഗസ്ഥനും തൻ്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറരുത് എന്നും നിഷ്കർഷിക്കുന്നു.

മേൽ സാഹചര്യത്തിൽ, എല്ലാ ഉദ്യോഗസ്ഥരും ഓരോ സേവനങ്ങൾക്കും ഹാജരാകുന്ന പൊതുജനങ്ങളോട് കരുതലോടും ശ്രദ്ധയോടും കൂടി മാന്യമായ രീതിയിൽ പെരുമാറേണ്ടതാണെന്നും അല്ലാത്തപക്ഷം ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ച അച്ചടക്ക ലംഘനമായി കണക്കാക്കി **അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിക്കുന്നു.** ഇക്കാര്യത്തിൽ മേലുദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണെന്നും അറിയിക്കുന്നു .

Signed by
Chakilam Nagaraju
Date: 23-10-2024 14:31:30

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

പകർപ്പ് : -

1).എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

2).എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

3).എല്ലാ എൻഫോഴ്സ്മെൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

4).എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

5).ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ, ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെൻറ്), സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേക്ഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ എന്നിവരുടെ സി.എ-മാർക്കും, അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും, അസിസ്റ്റൻറ് സെക്രട്ടറി, എസ്.റ്റി.എ-യ്ക്കും അക്കൌണ്ട്സ് ഓഫീസർക്കും, നോഡൽ ഓഫീസർ എസ്.എസ്.ജി..യ്ക്കും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

| |
|---|
| മോട്ടോർ വാഹന വകുപ്പ്, കേരളം |